ഉത്തരം

(എ) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം 1974-ൽ, സർക്കാർ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ള മടവൂർപ്പാറ ഗുഹാക്ഷേത്രത്തിൽ അനധികൃത കയ്യേറ്റവും നിർമ്മാണപ്രവർത്തനങ്ങളും നടന്നതായി പുരാവസ്തുവകുപ്പിന്റെ ശ്രദ്ധയിൽ പെടുകയും ടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയവരെക്കൊണ്ടു തന്നെ അതു പൊളിപ്പിച്ചുമാറ്റണമെന്നും പ്രസ്തുത സ്ഥലം അളന്നുതിരിച്ച് അതിർത്തി നിർണ്ണയിച്ച് തരണമെന്നും റവന്യൂ അധികാരികളോട് ആവശ്യപ്പെടുകയും ചെയ്തു. ടി സ്മാരകം ഇപ്പോഴും പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സംരക്ഷിത സ്മാരകമാണ്.

(ബി) ഇവിടത്തെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നത് കാലാകാലങ്ങളിലുള്ള ക്ഷേത്രഭരണ കമ്മിറ്റിയാണ്.

(സി) പുരാവസ്തു സംരക്ഷണ നിയമമനുസരിച്ച് ക്ഷേത്രത്തിന്റെ ദൈനംദിന ഭരണകാര്യങ്ങളിൽ വകുപ്പിന് ഇടപെടാനാവില്ല.

(ഡി) തീർത്ഥാടന-ഹെറിട്ടേജ് ഇക്കോ ടൂറിസ്റ്റ് കേന്ദ്രമാക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ സ്മാരകത്തിന്റെ തനിമ നിലനിർത്തി സംരക്ഷിക്കാൻ വേണ്ട നടപടികൾ പുരാവസ്തു വകുപ്പു സ്വീകരിക്കുന്നതാണ്.

(ഇ) നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

കടൽ മണൽ ഖനനം മൽസ്യബന്ധനത്തിന് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

109 (1001) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽ മണൽ ഖനനം മൽസ്യങ്ങളുടെ ആവാസ വ്യവസ്ഥയ്ക്ക് ഹാനികരമാകുമോയെന്ന് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) കടൽമണൽ ഖനനം മൽസ്യബന്ധനത്തിന് എന്തെങ്കിലും പ്രശ്നങ്ങൾ സൃഷ്ടിക്കുമോ ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ-ഡി) പഠനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly